# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6297 — 08.07.2014-ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റ് മുന്നിലെ സമരത്തിന് നേരെയുള്ള ഗ്രനേഡ് പ്രയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) എൽ.ഡി.എഫ്. എം.എൽ.എ. മാർ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തുമ്പോൾ പോലീസ് ഗ്രനേഡ് പ്രയോഗിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) എൽ.ഡി.എഫ് എം.എൽ.എ മാർ സെക്രട്ടേറിയേറ്റിനു മുന്നിൽ സമരം നടത്തുമ്പോൾ പോലീസ് ഗ്രനേഡ് പ്രയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 09.07.2013- ൽ സെക്രട്ടറിയേറ്റിനു മുന്നിൽ സോളാർ വിഷയവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് നടത്തിയ സമരം അക്രമാസക്തം ആകുകയും തിരു.സിറ്റി, ഡി.സി.പി (ക്രമസമാധാനം) ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരെ വളഞ്ഞുവച്ച് മർദ്ദിക്കുകയും ചെയ്തപ്പോൾ അക്രമാസക്തരായ സമരക്കാരെ പിരിച്ചുവിടുന്നതിന് ഇതര മാർഗ്ഗങ്ങളില്ലാത്തതുകൊണ്ട് ഒരു സ്റ്റൺ ഷെല്ലും, രണ്ട് ഗ്രനേഡുകളും പ്രയോഗിച്ചിട്ടുള്ളതാണ്. ടി സംഭവത്തെ സംബന്ധിച്ച് തിരു.റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുള്ളതുമാകുന്നു. |
| (ബി) പ്രസ്തുത സംഭവത്തിനുശേഷം ഗ്രനേഡുകൾ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസിന് എന്തെങ്കിലും തരത്തിലുള്ള പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും, ക്രമസമാധാനം ഉറപ്പുവരുത്തുന്നതിനും അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ച് വിടുന്നതിനും വേണ്ടി ആവശ്യമായ സമയങ്ങളിൽ മാത്രമാണ് നിയമാനുസരണം ടിയർ ഗ്രനേഡ് ഉപയോഗിക്കുന്നത്. |
| (സി) മേൽ പ്രസ്താവിച്ച സംഭവത്തിൽ ഗ്രനേഡ് പ്രയോഗിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെയാണോ ഗ്രനേഡ് പ്രയോഗിച്ചതെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (സി) മേൽ പ്രസ്താവിച്ച സംഭവത്തിൽ ഗ്രനേഡ് പ്രയോഗിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെയാണ് ഗ്രനേഡ് ഉപയോഗിച്ചത്. ഈ സംഭവത്തിൽ പോലീസ് നടത്തിയിട്ടുള്ള പ്രവർത്തികൾ എല്ലാംതന്നെ നിയമപരമാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ